പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി

# (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2018 ഡിസംബർ 6-ാം തീയതി സമർപ്പിച്ചത്)

(പണിയൻ സമുദായത്തിന്റെ ഉന്നമനത്തിനായി സമിതി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി

## (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

(പണിയൻ സമുദായത്തിന്റെ ഉന്നമനത്തിനായി സമിതി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)

1739/2018.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : I. | പരാതിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് | .. | 9 |
| അനുബന്ധം : II. | സമിതിയുടെ ചോദ്യാവലിക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടി | .. | 11 |
| അനുബന്ധം : III. | പട്ടികജാതി പട്ടികർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് | .. | 14 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ബി. സത്യൻ.

അംഗങ്ങൾ :

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. പി. സജീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, അണ്ടർ സെക്രട്ടറി.

## ആമുഖം

കുടകിലെ ഇഞ്ചിപ്പാടങ്ങളിൽ തൊഴിൽതേടിപ്പോകുന്ന ആദിവാസികൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് ആശങ്കയറിയിച്ചുകൊണ്ടും, വയനാട് ജില്ലയിലെ പണിയൻ സമുദായത്തിന്റെ ഉന്നമനത്തിനായി വികസന പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും പരാതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി പ്രസ്തുത വിഭാഗത്തെക്കുറിച്ചുള്ള പഠനത്തിനായി ഒരു ഉപസമിതി രൂപീകരിച്ചു. തുടർന്ന് 2018 മേയ് 17, 18 തീയതികളിൽ ഉപസമിതി വയനാട് ജില്ലയിൽ പണിയൻ വിഭാഗം കൂടുതലായി അധിവസിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുകയും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതും പണിയൻ വിഭാഗത്തിന്റെ ഉന്നമനത്തിന് പര്യാപ്തമാകുമെന്ന് സമിതി കരുതുന്നതുമായ ചില ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ബി. സത്യൻ,

*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 6.

# റിപ്പോർട്ട്

ജനസംഖ്യാനുപാതത്തിൽ കേരളത്തിലെ ഏറ്റവും വലിയ പട്ടികവർഗ്ഗ വിഭാഗമാണ് പണിയൻ. വയനാട്ടിലും പശ്ചിമഘട്ടത്തിന്റെ അടിവാരങ്ങളിലുള്ള കാടുകളിലുമാണ് ഇവരുടെ താമസം. വയനാട്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ പണിയൻ വിഭാഗക്കാർ താമസിക്കുന്നുണ്ട്. സാമൂഹിക സാഹചര്യങ്ങളാൽ എല്ലാവർക്കും വേണ്ടി പണി ചെയ്യേണ്ടിവന്നവരായതുകൊണ്ടായിരിക്കാം 'പണിചെയ്യുന്നവൻ' എന്നർത്ഥം വരുന്ന പണിയൻ എന്ന പേര് ഇവർക്ക് ലഭിച്ചത്. കാർഷികമേഖലയിലാണ് ഇവർ പ്രധാനമായും തൊഴിലെടുക്കുന്നത്. നല്ലൊരു ശതമാനവും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നുവെങ്കിലും പ്രതികൂല സാഹചര്യങ്ങളാൽ സ്വന്തം നിലത്തിൽ കൃഷിചെയ്യുവാൻ ഇവർക്ക് സാധിക്കുന്നില്ല. അർഹമായ കൂലി ലഭിക്കാത്തതിനാൽ പണിയ കുടുംബങ്ങളെ ദാരിദ്ര്യവും അലട്ടുന്നുണ്ട്. ലഹരിയുടെ അമിത ഉപയോഗവും പോഷകാഹാരക്കുറവും വിവിധ രോഗങ്ങളും ഇവരുടെ ആയുർദൈർഘ്യം കുറയ്ക്കുന്നു. ശരാശരി 50 വയസ്സാണ് ഇവരുടെ ജീവിത ദൈർഘ്യം. 2011-ലെ സെൻസസ് അനുസരിച്ച് ഇവരുടെ ജനസംഖ്യ 88,450 എന്ന് കണക്കാക്കിയിരിക്കുന്നു. തമിഴും തുളുവും ഇടകലർന്ന ഭാഷയാണ് ഇവർ സംസാരിക്കുന്നത്. സാക്ഷരത ഇല്ലാത്തത് ഇവരുടെ സാമൂഹികവും സാമ്പത്തികവുമായ അധഃപതനത്തിന് കാരണമാകുന്നു.

2. പാരമ്പര്യമായി നെൽകൃഷിയുമായി ബന്ധപ്പെട്ട തൊഴിലെടുത്ത് ഉപജീവനം കഴിക്കുന്ന ഈ വിഭാഗം നാട്ടിൻപുറങ്ങളിലെ ഇതര കൃഷിപ്പണികൾ, കെട്ടിട നിർമ്മാണപ്പണികൾ തുടങ്ങിയവ ചെയ്യുന്നതിൽ വിമുഖത കാണിക്കുന്നു. പുരുഷൻമാരുടെ അമിത മദ്യപാനം, അകാല മരണം, മാരക രോഗങ്ങൾ, അപകർഷതാ ബോധം, വിദ്യാഭ്യാസമുള്ളവരിൽ അവസരങ്ങൾ കണ്ടെത്തി മുന്നോട്ട് പോകുവാനുള്ള വൈമുഖ്യം എന്നിവ ഈ വിഭാഗം നേരിടുന്ന പ്രശ്നങ്ങളാണ്. ജോലി വാഗ്ദാനം ചെയ്ത് അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്ന ഇവരെ പല തരത്തിലുള്ള ചൂഷണങ്ങൾക്കും വിധേയരാക്കുന്നു. അറിവില്ലായ്മ, വിദ്യാഭ്യാസക്കുറവ്, സാമൂഹികമായ ഒറ്റപ്പെടൽ എന്നിവ കാരണം സ്വന്തം സുരക്ഷയ്ക്കും നീതിക്കുംവേണ്ടി നിയമസഹായം തേടാനും ഇവർക്ക് കഴിയുന്നില്ല.

3. വയനാട് ജില്ലയിൽത്തന്നെ പലവിധ തൊഴിലുകൾ ചെയ്തു ജീവിതം മെച്ചപ്പെടുത്താമെങ്കിലും ആയതിന് തുനിയാതെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിലെ ഇഞ്ചിപ്പാടങ്ങളിലാണ് ഇവരുടെ തൊഴിൽ തേടിയുള്ള യാത്ര അവസാനിക്കുന്നത്.

4. കുടകിലെ ഇഞ്ചിപ്പാടങ്ങളിൽ തൊഴിൽ തേടി പോകുന്ന പണിയൻ വിഭാഗക്കാർ മദ്യത്തിനും മറ്റും അടിമപ്പെടുന്നതിനെക്കുറിച്ചും തന്മൂലം കുടുംബങ്ങൾക്കുണ്ടാകുന്ന അരക്ഷിതാവസ്ഥയെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തെക്കുറിച്ചും ആശങ്കയറിയിച്ചുകൊണ്ടും ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി വികസന പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും കേരള പണിയൻ സമാജം സുൽത്താൻ ബത്തേരി താലൂക്ക് കമ്മിറ്റിക്കുവേണ്ടി

ശ്രീ. രാജൻ എൻ., പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ 23-9-2014-ൽ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ, പണിയൻ വിഭാഗത്തിന്റെ പിന്നാക്കാവസ്ഥയ്ക്കും അവർ നേരിടുന്ന ചൂഷണത്തിനും കാരണമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലം സംബന്ധിച്ച് പരാമർശിച്ചിരുന്നു (അനുബന്ധം I). ഈ പ്രശ്നത്തിന് പരിഹാരമായി പട്ടികവർഗ്ഗ സംവരണത്തിനുള്ളിൽ പണിയൻ വിഭാഗക്കാർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുകയോ ഇവർക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ഈ സമുദായത്തെ മുഖ്യധാരയിലേക്ക് എത്തിക്കുകയോ ചെയ്യേണ്ടതുണ്ടെന്നും, ജനസംഖ്യയിൽ ഗണ്യമായ വിഭാഗമെന്നതിനാൽ പ്രത്യേക പാക്കേജ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതുമൂലം വിപ്ലവകരമായ മാറ്റം വരുത്താൻ സാധിക്കുമെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു.

5. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി, വയനാട് ജില്ലയിലെ വയലുകളെല്ലാം മറ്റ് കാർഷികാവശ്യങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും വഴിമാറിയതിനാൽ പാരമ്പര്യത്തൊഴിലായ നെൽക്കൃഷി മാത്രം ചെയ്തുപോന്നിരുന്ന പണിയൻ വിഭാഗക്കാരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടെന്നും, ഈ സാഹചര്യത്തിൽ അവർ തൊഴിൽതേടി അന്യസംസ്ഥാനങ്ങളിലെ തൊഴിലിടങ്ങളിൽ എത്തിപ്പെടുന്നതുമൂലം ചൂഷണത്തിന് വിധേയരാവുന്നുണ്ടെന്നും കൂലിക്കു പകരം യാതൊരു നിയന്ത്രണവുമില്ലാതെ തൊഴിലിടങ്ങളിൽ നിന്നും ലഭിക്കുന്ന മദ്യമാണ് അവരുടെ മുഖ്യ ആകർഷണമെന്നും മനസ്സിലാക്കി. പണിയൻ വിഭാഗത്തിലെ അഭ്യസ്തവിദ്യരായവർപോലും യാതൊരു തൊഴിലും ലഭിക്കാതെ കൂലിപ്പണി ചെയ്യുന്നതിനാൽ ടി സമുദായത്തിലെ പുതുതലമുറയിൽപ്പെട്ട കുട്ടികൾ പഠനത്തിൽ വിമുഖത കാട്ടുന്നതായി സമിതി വിലയിരുത്തി. പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള സംവരണത്തിനുള്ളിൽ പണിയൻ വിഭാഗക്കാർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുകയോ, ഇവർക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി പണിയൻ സമുദായത്തെ മുഖ്യധാരയിലേക്ക് എത്തിക്കുകയോ ചെയ്യുന്നതിന് നിലവിൽ സാധിക്കുകയില്ലായെന്ന് സമിതിക്ക് ബോധ്യമായി.

6. ഈ സാഹചര്യത്തിൽ പണിയൻ വിഭാഗം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവരുടെ ഉന്നമനത്തിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും പഠിക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിക്കാൻ സമിതി തീരുമാനിക്കുകയും, അപ്രകാരം 30-1-2018-ൽ ഉപസമിതി രൂപീകരിക്കുകയും ചെയ്തു. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ. അദ്ധ്യക്ഷനായും ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ., ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ., എന്നിവർ അംഗങ്ങളായും രൂപീകരിച്ച ഉപസമിതിയുടെ പ്രഥമ യോഗം 2018 ഏപ്രിൽ 19-ാം തീയതി നിയമസഭാ സമുച്ചയത്തിൽ വച്ച് ചേരുകയുണ്ടായി. തുടർന്ന് പണിയൻ വിഭാഗം കൂടുതലായി അധിവസിക്കുന്ന വയനാട് ജില്ലയിലെ പനമരം, തിരുനെല്ലി

എന്നീ പഞ്ചായത്തുകളിൽ 2018 മേയ് 17, 18 തീയതികളിൽ ഉപസമിതി സന്ദർശനം നടത്തുകയും പണിയൻ വിഭാഗത്തിന്റെ അടിസ്ഥാന ജീവിത പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പണിയ കോളനികൾ സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളിലും സന്ദർശനത്തിലും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. പണിയൻ വിഭാഗത്തിന്റെ സാമൂഹ്യമായ പിന്നാക്കാവസ്ഥ മാറ്റി അവരെ കൃത്യമായ ദിശാബോധം നൽകി മുഖ്യധാരയിലേക്ക് എത്തിക്കുവാൻ ഈ റിപ്പോർട്ടിന് കഴിയും എന്ന് സമിതി പ്രത്യാശിക്കുന്നു.

7. പണിയൻ സമുദായം അധിവസിക്കുന്ന പനമരം, തിരുനെല്ലി പ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന മുഖ്യമായ പ്രശ്നങ്ങളായി സമിതി കണ്ടെത്തിയത് കുടിവെള്ള ദൗർലഭ്യം, ഭക്ഷ്യപൊതുവിതരണ മേഖലയിലെ അപാകത, പൊതുശ്മശാനത്തിന്റെ അഭാവം, വീടിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുവാനുള്ള അസൗകര്യം, മെച്ചപ്പെട്ട വിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് തുടർപഠനം നടത്താൻ പറ്റാത്ത സാഹചര്യം, കോളനികളുടെ ശോചനീയാവസ്ഥ, എസ്.ടി. പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ തുച്ഛമായ പ്രതിഫലം, സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ മോണിറ്റർ ചെയ്യാനുള്ള സംവിധാനത്തിന്റെ അഭാവം, ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയുടെ അഭാവം എന്നിവയാണ്.

8. പണിയൻ വിഭാഗക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്വന്തമായി ഭൂമി ഇല്ല എന്നുള്ളതാണെന്നും "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതി ഉപേക്ഷിച്ച നിലയിലാണെന്നും ഭൂമി വാങ്ങുന്നതിനായി സർക്കാർ അനുവദിച്ച കോടിക്കണക്കിന് രൂപ അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായും സമിതി കണ്ടെത്തി. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ആദിവാസികളെ ഭൂരഹിതരായ ആദിവാസികൾക്ക് നിശ്ചയിച്ചിട്ടുള്ള ഭൂമിയിൽ പുനരധിവസിപ്പിക്കുക, നാശോന്മുഖമായ പഴയ ഭവനത്തിന് പകരം പുതിയ ഭവനം നിർമ്മിച്ചുനൽകുക തുടങ്ങിയ ആവശ്യങ്ങളായിരുന്നു കോളനി നിവാസികളുടെ ഭാഗത്തുനിന്ന് ഉണ്ടായത്. കൂടാതെ, ഭവന നിർമ്മാണത്തിന് അനുവദിച്ച തുക ദുരുപയോഗം ചെയ്യുന്നുണ്ടെന്നും അവർ പരാതിപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ കരാർ ഏറ്റെടുത്ത് പണം കൈപ്പറ്റി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാതെ പിൻമാറിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഇങ്ങനെയുള്ള ഭവനങ്ങൾ 'ലൈഫ്' മിഷൻ' പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഭൂമി വാങ്ങുന്നതിന്

സർക്കാർ അനുവദിച്ച തുക അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനും ഒരു വീട്ടിൽ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി ഓരോ കുടുംബത്തിനും മേൽത്തരം വീട് നിർമ്മിക്കുന്നതിന് 'ലൈഫ് മിഷൻ' മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

9. കോളനികളിലുള്ള ഭൂരിപക്ഷം ഭവനങ്ങളും ഏകദേശം നാലുസെന്റിലാണ് സ്ഥിതി ചെയ്യുന്നതെന്നും കോളനി നിവാസികൾക്ക് മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം ഇല്ലായെന്നും സന്ദർശന വേളയിൽ സമിതി മനസ്സിലാക്കി. കാലാകാലങ്ങളായി ആചാര പ്രകാരം വനത്തിലാണ് മൃതദേഹം മറവുചെയ്യുന്നതെന്നും ഇതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നുവെന്നും ചേലാടി കോളനി ഊരുമൂപ്പൻ വ്യക്തമാക്കി. തിരുനെല്ലി പഞ്ചായത്തിലെ കോളനി നിവാസികൾക്ക് അടിസ്ഥാന സൗകര്യമുള്ള ശ്മശാനം നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാകുന്നില്ലെന്നും പുഴവയൽ കോളനി നിവാസികളുടെ ശ്മശാനത്തിന് സമീപത്തുകൂടി ഒഴുകുന്ന പുഴ, മഴ സമയത്ത് കര കവിഞ്ഞ് ഒഴുകുന്നതുമൂലം ശ്മശാനം വെള്ളം കയറി നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണെന്നും ആയതിന് ഭിത്തികെട്ടി സംരക്ഷണം നൽകണമെന്നും പൊതുവഴിസൗകര്യം ലഭ്യമാക്കണമെന്നും കോളനി നിവാസികൾ അഭ്യർത്ഥിച്ചു. കൂടാതെ തുറമ്പൂർ കോളനി നിവാസികൾ പുഴക്കരയോട് ചേർന്നുള്ള ശ്മശാനത്തിലാണ് മൃതദേഹം അടക്കം ചെയ്യുന്നതെന്നും മഴക്കാലത്ത് കര ഇടിഞ്ഞു പോകുന്നതുകൊണ്ട് ശ്മശാനത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നുണ്ടെന്നും ആയതിനാൽ മറ്റൊരു ശ്മശാനം അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കോളനി നിവാസികൾ ആവശ്യപ്പെട്ടു.

10. ആകയാൽ പൊതു ശ്മശാനം ഇല്ലാത്ത കോളനികളിൽ ആയത് അടിയന്തരമായി നിർമ്മിച്ചു നൽകണമെന്നും ന്യൂനതയുള്ള ശ്മശാനങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കി മാറ്റണമെന്നും സംരക്ഷണഭിത്തി ആവശ്യമുള്ളവയ്ക്ക് അവ നിർമ്മിച്ചു നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സ്വകാര്യ വ്യക്തികൾ കയ്യേറിയിരിക്കുന്ന പൊതുശ്മശാനം തിരികെ ലഭ്യമാക്കണമെന്നും ചുറ്റുമതിൽകെട്ടി സംരക്ഷിക്കണമെന്നും എല്ലാ പട്ടിക വിഭാഗക്കാർക്കും നിർബന്ധമായും ശ്മശാന സൗകര്യം ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

11. വയനാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിന്നും ഉന്നതമാർക്കോടെ പഠിച്ചിറങ്ങുന്നവർക്ക് ക്ലാസ് IV ജോലി പോലും ലഭിക്കുന്നില്ലെന്ന് സമിതി കണ്ടെത്തി. 'അമൃത് ' എന്ന പദ്ധതിയിലൂടെ കുട്ടികൾക്ക് പി.എസ്.സി. പരീക്ഷയുള്ള പരിശീലനം നൽകണമെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾ ലഭ്യമാക്കുന്നതിനായി കരിയർ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി., +2 ജയിച്ചവർക്ക് ക്ലാസുകൾ സംഘടിപ്പിക്കണമെന്നും

എല്ലാ പഞ്ചായത്തിലും 'ഗോത്രദീപിക' പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ഒരു എസ്.റ്റി. പ്രൊമോട്ടറെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വനം വകുപ്പിൽ നിയമനം നടത്തുമ്പോൾ വനമേഖലവിട്ട് താമസിക്കുന്നവർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത റിക്രൂട്ട്മെന്റിൽ വനമേഖലയ്ക്ക് പുറത്ത് താമസിക്കുന്നവരെയും പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. പണിയൻ സമുദായത്തിലെ അഭ്യസ്തവിദ്യരായവർക്ക് വേണ്ടി നൂതനമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണമെന്നും പ്രസ്തുത സംരംഭങ്ങളിൽ യോഗ്യതയ്ക്കനുസരിച്ച് അവർക്ക് അർഹമായ പരിഗണന നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. വയനാട്ടിലെ പണിയൻ വിഭാഗംകൂടി ഉൾപ്പെട്ട ആദിവാസികൾ തലമുറകളായി കൈവശം വച്ചിട്ടുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിനും 2006-ലെ വനാവകാശ നിയമ പ്രകാരം ലഭിച്ച ഭൂമിയുടെയും നിലവിൽ ഇവരുടെ കൈവശമുള്ള ഭൂമിയുടെയും രേഖകൾ അടിയന്തരമായി ഇവർക്ക് ലഭ്യമാക്കുന്നതിനും പ്രസ്തുത ഭൂമിയിൽ നിന്ന് ഭവന നിർമ്മാണത്തിനാവശ്യമായ ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിനുള്ള അവകാശം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും ആദിവാസി ക്ഷേമ സമിതിയുടെ പ്രതിനിധി സമിതിയോട് അപേക്ഷിച്ചു. ആയതിനാൽ വയനാട്ടിലെ ആദിവാസികൾ തലമുറകളായി കൈവശം വച്ചിട്ടുള്ള ഭൂമിക്ക് പട്ടയം നൽകണമെന്നും, വനാവകാശനിയമ പ്രകാരം ലഭിച്ച ഭൂമിയുടെയും നിലവിൽ ഇവരുടെ കൈവശമുള്ള ഭൂമിയുടെയും രേഖകൾ അടിയന്തരമായി ഇവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി നടപ്പിലാക്കിയ 'ഗോത്രസാരഥി' പദ്ധതിയും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ 'ഗോത്രജ്യോതി' പദ്ധതിയും കാര്യക്ഷമമായി എല്ലാ വിദ്യാലയങ്ങളിലും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മെന്റർ ടീച്ചർമാരെ നിയോഗിക്കണമെന്നും എം.ആർ.എസിലും, ഹോസ്റ്റലിലും എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും അഡ്മിഷൻ നൽകണമെന്നും അംഗൻവാടികളിൽ പോകാത്ത കുട്ടികളെക്കുറിച്ചുള്ള വിവരം ടീച്ചർമാർ കോളനികളിൽ നിന്ന് നേരിട്ട് ശേഖരിക്കണമെന്നും വിദ്യാർത്ഥികൾക്ക് യഥാസമയം ലംപ്സംഗ്രാന്റ് അനുവദിക്കണമെന്നും ട്യൂഷൻ, എൻട്രൻസ് പോലുള്ള പരീക്ഷകൾക്ക് ആവശ്യമായ കോച്ചിംഗ് ക്ലാസ്സ്, പുതിയ എം.ആർ.എസ്. എന്നിവയുള്ള സൗകര്യം ലഭ്യമാക്കണമെന്നും എം.ബി.ബി.എസ്., ബി.ഡി.എസ്., ബി-ടെക്ക് മുതലായ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ ഫണ്ടുപയോഗിച്ചും ഡിഗ്രി മുതൽ പഠിക്കുന്ന കുട്ടികൾക്ക് റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ചും സൗജന്യമായി ലാപ് ടോപ്പ് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. എസ്.ടി. പ്രൊമോട്ടർമാരുടെ വേതനം നന്നേ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അവരുടെ <u>വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

16. കോളനികളിൽ സ്ത്രീകളും 10 വയസ്സിന് താഴെയുള്ള കുട്ടികളും ഉൾപ്പെടെ മദ്യപാനത്തിന് അടിമപ്പെട്ടുകയാണെന്നും ഈ വിഭാഗക്കാരെ കൂലിക്ക് പകരം മദ്യം നൽകി ചൂഷണം ചെയ്യുകയാണെന്നും കോളനികൾ കേന്ദ്രീകരിച്ച് വ്യാജമദ്യം ഉല്പാദിപ്പിക്കുന്നുണ്ടെന്നും കർണ്ണാടകയിൽ നിന്നും വയനാട് ജില്ലയിലേക്ക് അനധികൃതമായി മദ്യം കടത്തുന്നുണ്ടെന്നും മദ്യപാനശീലംമൂലം അവർ മാനസിക രോഗികളായി മാറിക്കൊണ്ടിരിക്കുകയാണെന്നും സമിതി വിലയിരുത്തി. ഇവർക്കിടയിൽ വളർന്നുവരുന്ന മദ്യപാനശീലം തടയുന്നതിനായി കോളനികൾ കേന്ദ്രീകരിച്ച് സാമൂഹ്യനീതി, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകൾ സംയുക്തമായി 'ഡി-അഡിക്ഷൻ' സെന്റർ ആരംഭിച്ചിട്ടുണ്ടെന്നും ഇവർക്കായി കൗൺസിലിംഗ് നൽകുന്നുണ്ടെന്നും ഇതിനായി ആശാവർക്കർമാരുടെ സഹായത്തോടെ കോളനികൾ കേന്ദ്രീകരിച്ച് മദ്യപാനത്തിനെതിരെ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് പ്രതിനിധി സമിതിക്ക് വിശദീകരണം നൽകി. നിലവിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, <u>'വിമുക്തി' പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണമെന്നും കൂലിക്ക് പകരം മദ്യം നൽകി ചൂഷണം ചെയ്യുന്നത് തടയണമെന്നും വ്യാജമദ്യ ഉത്പാദനവും അനധികൃത മദ്യക്കടത്തും തടയുന്നതിനായി പോലീസും എക്സൈസും പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ കുട്ടികൾക്കിടയിലെ മദ്യപാനം പൂർണ്ണമായും ഒഴിവാക്കുന്നതിനായി ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

17. ബയോമെട്രിക് റേഷനിംഗ് സംവിധാനം നടപ്പിലാക്കുന്നതിൽ ആദിവാസി വിഭാഗങ്ങൾക്ക് ആശങ്കയുണ്ടെന്ന് മാനന്തവാടി താലൂക്ക് സപ്ലൈ ഓഫീസർ സമിതിയെ ധരിപ്പിച്ചു. പ്രസ്തുത ആശങ്ക അകറ്റുന്നതിനായി ഇവർക്കിടയിൽ ബോധവൽക്കരണം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. മാസത്തിൽ ഒരു തവണ മാത്രമാണ് റേഷൻ കടകളിൽനിന്നും അരി ലഭിക്കുന്നതെന്നും അപേക്ഷയിലെ തെറ്റായ വിവരങ്ങൾ കാരണം ചില കുടുംബങ്ങൾക്ക് മഞ്ഞ നിറത്തിലുള്ള റേഷൻ കാർഡിനുപകരം മറ്റ് നിറങ്ങളിലുള്ള റേഷൻ കാർഡാണ് ലഭിച്ചതെന്നും സമിതി മനസ്സിലാക്കുന്നു. <u>പണിയ കുടുംബങ്ങൾക്ക് കൃത്യസമയത്ത് റേഷൻ ലഭ്യമാക്കണമെന്നും ഗുണനിലവാരമുള്ള അരി വിതരണം ചെയ്യണമെന്നും എല്ലാ കുടുംബങ്ങൾക്കും മഞ്ഞ റേഷൻ കാർഡ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

19. അസുഖം ബാധിച്ചവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് മിക്ക കോളനികളിലും വാഹനസൗകര്യം ഇല്ലെന്നും 'കമ്മ്യൂണിറ്റി കിച്ചൺ' പദ്ധതി കാര്യക്ഷമമാകുന്നില്ലെന്നും കോളനി നിവാസികൾ സമിതി മുമ്പാകെ ബോധിപ്പിച്ചു. അത്യാസന്ന നിലയിലായ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആംബുലൻസ് സൗകര്യം അടിയന്തരമായി ഏർപ്പെടുത്തണമെന്നും അവർ ആവശ്യപ്പെട്ടു.

20. പോഷകാഹാരക്കുറവുമൂലവുമുണ്ടാകുന്ന പ്രശ്നങ്ങൾ കോളനി സന്ദർശിച്ച വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. അസുഖ ബാധിതർക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നും രോഗികളായ ആദിവാസികളെ ആശുപത്രിയിൽ എത്തിക്കാനാവശ്യമായ വാഹനസൗകര്യം ഏർപ്പെടുത്തണമെന്നും ആശുപത്രിയിൽ എത്തുന്ന രോഗികളെ പരിചരിക്കുന്നതിനായി സഹായികളെ നിയോഗിക്കണമെന്നും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 'കമ്മ്യൂണിറ്റി കിച്ചൻ' മുഖേന പോഷകാഹാരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. ഗർഭിണികളായ ആദിവാസി സ്ത്രീകൾ പ്രസവ ചികിത്സകൾക്കായി ആശുപത്രികളെ സമീപിക്കാൻ വിമുഖത കാണിക്കുന്നു. പരമ്പരാഗത രീതി തുടർന്നുവരുന്ന ഇവരെ തുടക്കത്തിലേ കണ്ടെത്തി പ്രസവശുശ്രൂഷകൾ ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. വയനാട് ജില്ലയിലെ തിരുനെല്ലി പഞ്ചായത്തിൽ കാളിന്ദി, കാട്ടികാളം എന്നീ രണ്ട് കുടിവെള്ള പദ്ധതികൾ മുഖേനയാണ് കുടിവെള്ളം ലഭ്യമാക്കുന്നതെന്നും എന്നാൽ കോളനികളിൽ പ്രസ്തുത പദ്ധതിയുടെ ഫലം ലഭിക്കുന്നില്ലെന്നും ആയതിനാൽ, വാട്ടർ അതോറിറ്റി ഇടപെട്ട് കോളനികളിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്നും എല്ലാ പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ളം നിർബന്ധമായും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. സർക്കാരിന്റെ ആദിവാസി ക്ഷേമ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണമെന്നും ആദിവാസി സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമായി 'ഊരുകൂട്ടം' ഇല്ലാത്ത കോളനികളിൽ അവ അടിയന്തരമായി രൂപീകരിക്കണമെന്നും എല്ലാ കോളനികളിലും ഗതാഗതസൗകര്യം ഏർപ്പെടുത്തണമെന്നും പോലീസ് പട്രോളിംഗ് ശക്തമാക്കി അതിക്രമങ്ങൾ തടയണമെന്നും കൃഷിയിടങ്ങളിലെ വന്യമൃഗശല്യം തടയുന്നതിനായി ഫെൻസിംഗ് സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. പണിയൻ സമുദായത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യാവലിക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയും, അധികവിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി അനുബന്ധം III ആയും ചേർത്തിരിക്കുന്നു.

25. നിരവധി സാമൂഹിക സാമ്പത്തിക ചൂഷണങ്ങൾക്ക് വിധേയരായി ക്കൊണ്ടിരിക്കുന്ന ഒരു ജനവിഭാഗമാണ് വയനാട്ടിലെ പണിയൻ വിഭാഗം. പണിയൻ സമുദായത്തിന്റെ കോളനി സന്ദർശനവേളയിൽ അവരുടെ സാമൂഹ്യ പശ്ചാത്തലത്തിന്റെ നേർചിത്രം നമുക്ക് വ്യക്തമാക്കിത്തരുന്ന കാഴ്ചകൾ കാണാൻ കഴിഞ്ഞു. അർഹതപ്പെട്ട പരിഗണന സംബന്ധിച്ചും നേടിയെടുക്കേണ്ട ആവശ്യങ്ങൾ സംബന്ധിച്ചും തികച്ചും അജ്ഞരായ ഇവർക്ക്, കുനിൻമേൽ കുരുവെന്നപോൽ വന്നുഭവിച്ചിരിക്കുന്ന ദുശ്ശീലവുമുണ്ട്. മദ്യപാനവും ലഹരിമരുന്നിനോടുള്ള താൽപ്പര്യവും പുതിയ തലമുറയിൽപ്പെട്ടവരെ അടിമപ്പെടുത്തുന്നതുകാരണം കുടുംബങ്ങളിൽ അസന്തുഷ്ടിയും അശാന്തിയും നിറഞ്ഞു നിൽക്കുന്നു. കൂലിക്കു പകരം മദ്യം വാങ്ങുന്നതു കാരണം കടുത്ത അരക്ഷിതാവസ്ഥയിലേക്ക് നീങ്ങുന്ന പണിയൻ സമുദായത്തിന്റെ ഇത്തരത്തിലുള്ള പ്രവണതകൾക്ക് വളംവച്ചു കൊടുക്കുന്നത് കുടകിലെ ഇഞ്ചിപ്പാടങ്ങളിലേക്ക് ജോലിതേടിയുള്ള പ്രയാണമാണ്. ആകയാൽ വിവിധ വകുപ്പുകളുടെ എകോപിച്ചുള്ള പ്രവർത്തനത്തിൽക്കൂടി മാത്രമേ അറിവില്ലായ്മയുടെ അന്ധകാരത്തിൽ ആഴ്ന്നുകിടക്കുന്ന ഇവരെ ഉയർത്തിക്കൊണ്ടുവരുന്നതിനു കഴിയുകയുള്ളൂ. വിവിധ വകുപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കേണ്ട സാഹചര്യം അതിക്രമിച്ചിരിക്കുന്ന അവസരത്തിലാണ് പണിയൻ സമുദായത്തെപ്പറ്റി വിശദമായി പഠിക്കുന്നതിന് ഒരു ഉപസമിതി രൂപീകരിച്ചതും, അതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള തീരുമാനത്തിൽ എത്തിച്ചേർന്നതും. സമിതിയുടെ ഈ റിപ്പോർട്ടിലുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും പണിയൻ സമുദായത്തിന്റെ സർവ്വതോന്മുഖമായ മാറ്റത്തിന് നാന്ദി കുറിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ബി. സത്യൻ,

*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 6.

## അനുബന്ധം I

**വയനാട് ജില്ലയിലെ പണിയ സമുദായത്തിന്റെ ഉന്നമനത്തിനായി വികസന പദ്ധതികൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജൻ.എൻ പട്ടികജാതി പട്ടികവർഗ്ഗക്ഷേമ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേലുള്ള റിപ്പോർട്ട്**

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ പണിയ വിഭാഗത്തിൽപ്പെടുന്നവരാണ് കൂടുതലുള്ളത്. പാരമ്പര്യമായി നെൽകൃഷിയുമായി ബന്ധപ്പെട്ട തൊഴിലെടുത്ത് ഉപജീവനം നടത്തി വരുന്നവരാണ് പണിയർ എന്നത് വാസ്തവമാണ്. വയനാട് ജില്ലയിൽ നെൽകൃഷി (ഇരുപ്പുകൃഷി) ചെയ്തു വന്നിരുന്ന മുൻകാലങ്ങളിൽ പണിയർക്ക് തൊഴിൽ സുലഭമായിരുന്നു. കാലക്രമേണ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന്, നെൽകൃഷി ചെയ്യാൻ മതിയായ ജല ലഭ്യത കുറയുകയും തത്ഫലമായി കൃഷിക്കാർ ആദായകരമായ മറ്റു കാർഷിക വിളകൾ കൃഷിചെയ്യാൻ ആരംഭിച്ചപ്പോൾ സ്വാഭാവികമായി പണിയ സമുദായത്തിന് ലഭിക്കുന്ന തൊഴിൽ ദിനങ്ങൾ കുറഞ്ഞുവെന്നത് വാസ്തവമാണെങ്കിലും നെൽകൃഷിയിലെ തൊഴിൽ മാത്രം വരുമാന മാർഗ്ഗമായിരുന്ന ഇതര വിഭാഗക്കാർ വരുമാനദായകമായ മറ്റു തൊഴിലുകൾ കണ്ടെത്തി ജീവിത മാർഗ്ഗം കരുപ്പിടിപ്പിക്കുകയാണ് ചെയ്തത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ പണിയ വിഭാഗക്കാർ വീഴ്ച വരുത്തുന്നതും യാഥാർത്ഥ്യമാണ്. മറ്റു പ്രദേശങ്ങളിലെ തൊഴിൽ ചെയ്യുന്നതിൽ വിമുഖത കാണിക്കുന്നത് മനസ്സിലാക്കാമെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകാനായി മാത്രം കോളനി ശുചീകരണ പ്രവൃത്തികൾ ഏറ്റെടുത്തപ്പോൾ പോലും പണിയെടുക്കുന്നതിന് വിമുഖത കാണിക്കുന്നവരാണ് വയനാട്ടിലെ പണിയ വിഭാഗത്തിൽപ്പെട്ടവർ എന്നതാണ് അനുഭവം. കൂടാതെ നാട്ടിൻപുറങ്ങളിൽ സുലഭമായി കൃഷിപണികൾ, കെട്ടിട നിർമ്മാണ പണികൾ തുടങ്ങിയവ ചെയ്യുന്നതിലും ഇത്തരക്കാർ തയ്യാറല്ല എന്നതും പ്രശ്നത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു.

അമിത മദ്യപാനം പുരുഷന്മാരെ വേഗത്തിൽ രോഗികൾ ആക്കുന്നു. അകാലമരണത്തിലേക്കും മറ്റു മാരക രോഗങ്ങളിലേക്കും ഇവരെ നയിക്കുന്നു. കുടുംബത്തിലെ മുതിർന്നവരുടെ മദ്യപാനശീലം മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് കുട്ടികൾ ചെറുപ്പത്തിലേ കൂലിപ്പണിക്ക് പോകുവാൻ നിർബന്ധിതൻ ആകുന്നു. വിദ്യാഭ്യാസമുള്ളവർ തന്നെ അവസരങ്ങൾ കണ്ടെത്തി മുമ്പോട്ടു പോകുവാൻ മടി കാണിക്കുന്നവർ ആണ്. അപകർഷതാബോധവും അന്യതാബോധവും ഇവരിൽ കൂടുതലാണ്. ജോലിക്കായി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി ഇവരെ പലതരത്തിലുള്ള ചൂഷണങ്ങൾക്കും ഇരയാക്കുന്നു. പ്രതികരിക്കാനും, സ്വന്തം സുരക്ഷയ്ക്കും നീതിക്കും വേണ്ടി നിയമസഹായം വരെ തേടുന്നതിനും അറിവില്ലായ്മയും വിദ്യാഭ്യാസക്കുറവും കാരണം ഇവർക്ക് സാധിക്കുന്നില്ല എന്നത് വസ്തുതയാണ്.

വയനാട് ജില്ലയിൽ ലഭ്യമാകുന്ന തൊഴിൽ കണ്ടെത്തി ജീവിതം കരുപ്പിടിപ്പിക്കുന്നതിന് പകരം കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിലെ വലിയ ഇഞ്ചിപ്പാടങ്ങളിലും മറ്റും കൂലിപ്പണിക്ക് പോകുന്ന പട്ടികവർഗ്ഗക്കാർ ചൂഷണത്തിന് വിധേയരാവുന്നുവെന്നത് വാസ്തവമാണ്. വയനാട്ടിൽ നിലവിൽ ശരാശരി 300/- രൂപ ദിവസക്കൂലി ലഭിക്കുമ്പോൾ ഇതര സംസ്ഥാനങ്ങളിൽ ഇതിലും കുറഞ്ഞ കൂലിയ്ക്ക് പുലർച്ചെ

മുതൽ സന്ധ്യ വരെ ജോലി ചെയ്യാൻ വലിയ ഒരു വിഭാഗം പണിയ വിഭാഗത്തിൽപ്പെട്ടവർ തയ്യാറാകുന്നുമുണ്ട്. യാതൊരു നിയന്ത്രണവുമില്ലാതെ, തൊഴിൽ ചെയ്യുന്ന സ്ഥലങ്ങളിൽ ലഭ്യമാകുന്ന മദ്യമാണ് ഇത്തരക്കാരെ ആകർഷിക്കുന്നത്. പട്ടികവർഗ്ഗക്കാർ തൊഴിൽ തേടി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് തടയുന്നതിന് ജില്ലാ ഭരണകൂടം നടത്തുന്ന കഠിന ശ്രമങ്ങൾ ഒന്നും തന്നെ വിജയിക്കാതെ പോകുന്നതും പട്ടികവർഗ്ഗക്കാരുടെ മദ്യാസക്തി തന്നെയാണെന്നതും വിസ്മരിക്കാവുന്നതല്ല.

ബിരുദം നേടിയ പണിയ വിഭാഗക്കാർക്കു പോലും സർക്കാർ ജോലി ലഭിക്കുന്നില്ല എന്നത് വാസ്തവമാണ്. പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള നിശ്ചിത ശതമാനം തൊഴിൽ സംവരണം, കേരളത്തിലുള്ള 36-ൽ പരം പട്ടികവർഗ്ഗ സമുദായക്കാരിൽ വിഭജിക്കപ്പെടുമ്പോൾ മത്സരത്തിൽ മുന്നിലെത്തുന്നവർക്ക് തൊഴിൽ ലഭിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ പ്രശ്നത്തിന് പരിഹാരമായി എസ്.ടി സംവരണത്തിനുള്ളിൽ പണിയ വിഭാഗക്കാർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുകയോ ഇവർക്ക് മാത്രമായ സ്പെഷ്യൽ റിക്രൂട്ട്മെന്റ് (മുൻ ഫോറസ്റ്റ് വാച്ചർമാരെ നിയമിച്ചത് പോലെ) നടത്തി മുഖ്യധാരയിലേക്ക് എത്തിക്കുകയോ ചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസം നേടിയ കുട്ടികളും യാതൊരു തൊഴിലും ലഭിക്കാതെ കൂലിപ്പണിയെടുക്കുന്നത് മൂലം മറ്റു കുട്ടികളും പഠനത്തിൽ നിന്നും പിന്മാറാൻ ഇടയാകുന്നു. വിദ്യാഭ്യാസ സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും പണിയ വിഭാഗക്കാർക്ക് പ്രത്യേക നിരക്ക് ഏർപ്പെടുത്തുന്നത് ഇവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് ഉപകരിക്കും.

പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളെല്ലാം തന്നെ നിർദ്ധനരായ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകികൊണ്ടാണ് നടപ്പിലാക്കി വരുന്നത്. പണിയ വിഭാഗങ്ങൾക്ക് മുൻഗണന നൽകി നടപ്പിലാക്കി വരുന്ന അടിയ പണിയ പാക്കേജ് പദ്ധതി മുഖേന ഒട്ടേറെ പണിയ വിഭാഗങ്ങൾക്ക് ജീവിത സുരക്ഷ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. വയനാട്ടിൽ കാലവർഷക്കാലത്ത് തൊഴിൽരഹിതരാവുന്ന പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പിലാക്കിവരുന്ന ഭക്ഷ്യ സുരക്ഷാ പദ്ധതിയിലും പണിയ വിഭാഗങ്ങൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. പണിയ വിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയുടെ ആനുകൂല്യങ്ങൾ മറ്റ് വിഭാഗക്കാർ തട്ടിയെടുക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ജനസംഖ്യയിൽ ഗണ്യമായ വിഭാഗമെന്നതിനാൽ പ്രത്യേക പാക്കേജ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതുമൂലം ഏറെമാറ്റം വരുത്താൻ സാധിക്കുമെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

BEENAKUMARI. S
Joint Secretary
S.T.D...Department
Govt. Secretariat, Tvpm.

## അനുബന്ധം II

### പണിയ സമുദായത്തിന്റെ ഉന്നമനം സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2016-19) നൽകിയിട്ടുള്ള ചോദ്യാവലിക്കുള്ള മറുപടി

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് പണിയ വിഭാഗക്കാർ ഉള്ളത് ? | കേരളത്തിൽ പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലാണ് പണിയ വിഭാഗക്കാർ ഉള്ളത്. |
| 2 | പണിയ സമുദായത്തിന്റെ ഉന്നമനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ? | പണിയ സമുദായത്തിന്റെ ഉന്നമനത്തിന് മാത്രമായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ അടിയ, പണിയ പ്രാക്തന ഗോത്ര വർഗ വിഭാഗം എന്നിവർക്കായി പദ്ധതി നിലവിലുണ്ട്. |
| 3 | പൊതുശ്മശാനങ്ങൾ കൈയ്യേറുകയും ഉപയോഗ യോഗ്യമല്ലാതാകുകയും ചെയ്യുന്ന ഗുരുതരമായ പ്രശ്നം പണിയ സമുദായം അഭിമുഖീകരിച്ചു വരുന്നുണ്ട്. ശ്മശാനം അവരുടേതു മാത്രമാക്കാൻ എന്തെല്ലാം നടപടികൾ ചെയ്യാൻ കഴിയും ? അവ എങ്ങനെ സംരക്ഷിക്കും ? | പണിയ വിഭാഗക്കാരുടെ ഒട്ടുമിക്ക ശ്മശാനങ്ങളും പുറംപോക്ക് ഭൂമിയിലാണ്. ടി ശ്മശാനങ്ങളുടെ കൈയ്യേറ്റം അവസാനിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്. ആയതിലേക്ക് ചുറ്റമതിൽ നിർമ്മിച്ച് അതാത് ഊരുകൂട്ടങ്ങളെ ചുമതലപ്പെടുത്തി സ്ഥിരമായി സംരക്ഷിക്കാവുന്നതാണ്. |
| 4 | പണിയ സമുദായത്തിൽപ്പെട്ട എത്ര ആളുകൾക്ക് സർക്കാർ ജോലി ഉണ്ട് ? ഡിഗ്രി വിദ്യാഭ്യാസം നേടിയിട്ടുള്ള എത്ര ആളുകൾ നിലവിൽ വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്തു വരുന്നു ? | വിശദവിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| 5 | പണിയ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാഭ്യാസ സംബന്ധമായ എല്ലാ ആനുകൂല്യങ്ങളിലും പണിയ വിഭാഗക്കാർക്ക് പ്രത്യേക നിരക്ക് ഏർപ്പെടുത്തുമോ ? | പണിയ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള ആനുകൂല്യങ്ങൾക്ക് പ്രത്യേക നിരക്ക് ഏർപ്പെടുത്തുന്ന കാര്യത്തിൽ വിശദമായ പരിശോധനയ്ക്കു ശേഷം മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. |

| | | |
|---|---|---|
| 6 | പണിയ കുടുംബങ്ങളെ മദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ദൂഷ്യഫലങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | പണിയ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ മദ്യപാനം, മയക്കുമരുന്ന് ഇടങ്ങിയ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എക്സൈസ് വകുപ്പുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. യുവജനങ്ങളെ ശാക്തീകരിക്കുന്നതിനായി വയനാട് ജില്ലയിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും കമ്മിറ്റഡ് സോഷ്യൽ വർക്കർമാരുടെയും പ്രവർത്തനത്തിലൂടെ യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ചു വരുന്നു. 19.06.2014-ലെ സ.ഉ.(സാധാ) നം.970/14/പജപവവിവ പ്രകാരം പട്ടികവർഗ്ഗ കോളനികളിൽ മദ്യം, മയക്കുമരുന്ന് ഇടങ്ങിയ സാമൂഹ്യപ്രശ്നങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനായി 6 അംഗ മോണിറ്ററിംഗ് സമിതിയും കോളനി തലത്തിൽ വാർഡ് മെമ്പർ ചെയർമാനായി 7 അംഗ മോണിറ്ററിംഗ് സമിതിയും പ്രവർത്തിച്ചു വരുന്നു. |
| 7 | പണിയ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് എസ്.ടി. സംവരണത്തിനുള്ളിൽ പണിയ വിഭാഗക്കാർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? | പട്ടികവർഗ്ഗ സംവരണത്തിനുള്ളിൽ പണിയ വിഭാഗക്കാർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുന്ന വിഷയം വിശദമായി പരിശോധിക്കേണ്ടതാണ്. |
| 8 | ഈ വിഭാഗക്കാരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി ഇവർക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിക്കുമോ ? | പണിയ വിഭാഗക്കാർക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത് സംബന്ധിച്ച വിഷയം നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കേണ്ടതാണ്. |
| 9 | പണിയ വിഭാഗത്തിന്റെ അടിസ്ഥാന ജീവിത പ്രശ്നങ്ങൾ എന്തെല്ലാമാണ്; പണിയ വിഭാഗത്തിന്റെ സമഗ്ര പുരോഗതിക്കായി എന്തെങ്കിലും പ്രത്യേക പാക്കേജ് നിലവിൽ ഉണ്ടോ? വിശദമാക്കുമോ ? | പണിയ വിഭാഗത്തിൽപ്പെട്ട മിക്ക കുടുംബങ്ങളും ഭൂരഹിതരാണ്. ഭൂമി, തൊഴിലില്ലായ്മ എന്നിവയാണ് ഇവരെ അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ. പൊതുവെ കണ്ടുവരുന്ന അമിത മദ്യപാനം, മയക്കുമരുന്നുപയോഗം, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവ സാമൂഹ്യപ്രശ്നങ്ങളാണ്. ഇവ പരിഹരിക്കുന്നതിനായി മെന്റർ ടീച്ചർമാരുടെ നിയമനം, ഗോത്രസാരഥി പദ്ധതി, പ്രൊമോട്ടർമാർ മുഖേനയുള്ള ബോധവൽക്കരണ പരിപാടി എന്നിവ നടത്തിവരുന്നു. ഇവർക്കായി പ്രത്യേക പാക്കേജ് പദ്ധതി നിലവിലില്ല. |

| | | |
|---|---|---|
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പോലുള്ളവയിൽ ഇക്കൂട്ടരുടെ സജീവ സാന്നിദ്ധ്യം ഉറപ്പ് വരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏകദേശം മുഴുവൻ പണിയ കുടുംബങ്ങൾക്കും തൊഴിൽ കാർഡ് നൽകി 200 തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 11 | പണിയ സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങളും, പൈതൃകവും കാത്തു സൂക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ? | പണിയ സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങളും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിന് പ്രത്യേകം പദ്ധതികളില്ല. കിർത്താഡ്സ് മുഖേന ഇതിനായി പഠനം നടത്തി "ഗോത്രതാളം" എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ പണിയരുടെ പരമ്പരാഗത നൃത്തം പരിപോഷിപ്പിക്കുന്നതിനും കിർത്താഡ്സ് പഠനകളരി നടത്തിയിട്ടുണ്ട്. അന്യം നിന്നു കൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനത് കലകളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എല്ലാ വർഷവും സംഘടിപ്പിക്കാറുള്ള ഗദ്ദികയിൽ പണിയരുടെ പരമ്പരാഗത നൃത്തവും അതിനോട് അനുബന്ധിച്ച് ഭക്ഷ്യമേളയിൽ അവരുടെ തനത് ഭക്ഷണവും ഉൾപ്പെടുത്തി വരുന്നു. |

RAJESH KUMAR M
Joint Secretary to Govt.
SC & ST Development Dept.
Govt. of Kerala
Thiruvananthapuram

അനുബന്ധം III

## പണിയൻ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായുള്ള പ്രത്യേക പാക്കേജ് സംബന്ധിച്ച റിപ്പോർട്ട്

തലമുറകളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വേറിട്ട് കഴിയുന്നവരാണ് കേരളത്തിലെ പട്ടികവർഗ്ഗക്കാർ. വനാന്തരങ്ങളിലെ ജീവിതവും ബാഹ്യലോകവുമായുള്ള അകൽച്ചയും മൂലം ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവർ പിൻനിരയിലായി. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലൊക്കെത്തന്നെ പിന്തള്ളപ്പെട്ടുപോയ ഈ വിഭാഗത്തിന് ഭരണഘടനാപരമായ പ്രത്യേക പരിരക്ഷ നൽകി സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് അവരെ ആനയിക്കുവാൻ പ്രത്യേക പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി ഇതിനകം ഒട്ടേറെ പരിപാടികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്തും മറ്റ് മേഖലകളിലും നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

2011 ലെ ജനസംഖ്യാ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 4,84,839 പട്ടികവർഗ്ഗക്കാർ ഉള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇത് സംസ്ഥാനത്തെ മൊത്ത ജനസംഖ്യയുടെ 1.5 ശതമാനമാണ്. കേരളത്തിലാകെ 4762 സങ്കേതങ്ങളിലായി 107965 പട്ടികവർഗ്ഗകുടുംബങ്ങളാണുള്ളത്. ഇവരിൽ ഏറ്റവും കൂടുതൽ 'പണിയൻ' വിഭാഗത്തിൽപ്പെട്ടവരാണ്. പണിയർ പ്രധാനമായും വയനാട് ജില്ലയിലാണ്. അധിവസിക്കുന്നത്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലും ഇവർ താമസിക്കുന്നു ണ്ട്. പണിയൻ വിഭാഗത്തിന്റെ ആകെ ജനസംഖ്യയുടെ 74.49 ശതമാനവും വയനാട്ടിലാണ് താമസിക്കുന്നത്. ഇവർ സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 21.77 ശതമാനം വരും. കോളനികളിലെ സ്ഥലപരിമിതിയിൽ ഒട്ടേറെ കുടുംബങ്ങൾ തിങ്ങിനിറഞ്ഞാണ് കഴിയുന്നത്. ആയത് കോളനികളുടെ പൊതുവായ ശുചിത്വത്തെയും, ആരോഗ്യത്തെയും സാരമായി ബാധിക്കു ന്നുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യാപ്തതയും കോളനികളിൽ നേരിടു ന്നുണ്ട്. മദ്യത്തിന്റെയും പുകയിലയുടെയും ഉപയോഗം വ്യാപകമായതിനാൽ സാമൂഹ്യ പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും സാധാരണമാണ്.

ജന്മിത്വ വ്യവസ്ഥിതി നിലനിന്നിരുന്ന കാലഘട്ടം മുതൽ ഭൂപ്രഭുക്കൻമാരുടെ അടിയാളൻമാരായി കാർഷിക വൃത്തികളിൽ ഏർപ്പെട്ടുവന്നിരുന്ന ഈ വിഭാഗത്തിന്റെ പാരമ്പരാഗതമായ കൈവശഭൂമി കാലകാലങ്ങളിലായി മേൽത്തട്ടിലുള്ള വിഭാഗക്കാരുടെ കൈയ്യേറ്റങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമായിരുന്നു. തത്ഫലമായി ടി വിഭാഗക്കാരുടെ കൈവശഭൂമി അന്യാധീനപ്പെടുകയും ഭൂമിയുടെ വിസ്തൃതി ചുരുങ്ങുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിലുള്ള കോളനികളെ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ച് മറ്റ് അടിസ്ഥാന സൗകര്യവികസനങ്ങളും, ജീവനോപാധികളും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

2008ലെ സാമൂഹ്യസാമ്പത്തികസർവ്വെ പ്രകാരം പണിയൻ വിഭാഗത്തിന്റെ ജനസംഖ്യയുടെ ജില്ലതിരിച്ചുള്ള കണക്ക് പട്ടികയിൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ജില്ല | കുടുംബ ങ്ങൾ | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 2 | 2 | 4 | - |
| 2 | എറണാകുളം | 1 | 2 | 2 | 4 | - |
| 3 | പാലക്കാട് | 213 | 379 | 352 | 731 | 0.79 |
| 4 | മലപ്പുറം | 1891 | 3563 | 3955 | 7518 | 8.10 |
| 5 | കോഴിക്കോട് | 716 | 1386 | 1471 | 2857 | 3.07 |
| 6 | വയനാട് | 15876 | 33639 | 35477 | 69116 | 74.49 |
| 7 | കണ്ണൂർ | 2907 | 6141 | 6416 | 12557 | 13.55 |
| | **ആകെ** | **21605** | **45112** | **47675** | **92787** | |

അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടം മുതൽ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. അധികാര വികേന്ദ്രീകരണം നടപ്പിലായ കാലഘട്ടത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ 67 ശതമാനത്തോളം തുക ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നത്. അവർക്കാവശ്യമായ പദ്ധതികൾ ഊരുകൂട്ടത്തിന്റെ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുകയും, ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്തിരുന്നു. നിലവിൽ 24 ശതമാനം തുകയാണ് ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിവരുന്നത്.

## സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ നിലവാരത്തിന്റെ സ്ഥിതി

### 1. സാക്ഷരത

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാക്ഷരതാനിരക്ക് 74.44 ആണ്. എന്നാൽ 'പണിയൻ' വിഭാഗത്തിന്റെ സാക്ഷരതാനിരക്ക് 65.19 ശതമാനം മാത്രമാണ്.

### 2. തൊഴിൽ

'പണിയൻ' സമുദായം പൊതുവെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കൂലിപണികൾ ചെയ്താണ് ജീവിക്കുന്നത്. വനേതര വിഭവങ്ങളുടെ ശേഖരണവും ഇവരുടെ ജീവിതവൃത്തിയാണ്. 2008ലെ സാമൂഹ്യസമ്പത്തിക സർവ്വെ പ്രകാരം 15 നും, 59 നം മധ്യേ പ്രായമുള്ളവരിൽ 86.57 ശതമാനം പേർ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ജോലികളിലും 11.07 ശതമാനം പേർ കാർഷികേതര വൃത്തിയുമായി ബന്ധപ്പെട്ട ജോലികളിലും ഏർപ്പെട്ട് ജീവിക്കുന്നവരാണ്. പാരമ്പര്യമായി നെൽകൃഷിയുമായി ബന്ധപ്പെട്ട തൊഴിലെടുത്ത് ഉപജീവനം നടത്തി വരുന്ന ഇവർക്ക് മുൻകാലങ്ങളിൽ തൊഴിൽ സുലഭമായിരുന്നു. കാലക്രമേണ കാലാവസ്ഥാ വ്യതിയാനത്തെതുടർന്ന്, നെൽകൃഷി ചെയ്യാൻ മതിയായ ജലലഭ്യത കുറയുകയും, കൃഷിക്കാർ ആദായകരമായ മറ്റു കാർഷിക വിളകൾ കൃഷിചെയ്യാൻ നിർബന്ധിതരാകുകയും

ചെയ്ത സാഹചര്യത്തിൽ പണിയർക്ക് ലഭിച്ചിരുന്ന തൊഴിൽദിനങ്ങൾ ഗണ്യമായി കുറഞ്ഞു. വയനാട് ജില്ലയിൽ ലഭ്യമാകുന്ന മറ്റു തൊഴിലുകൾ ചെയ്ത് ജീവതം കുരുപ്പിടിപ്പിക്കുന്നതിനു പകരം കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിലെ ഇഞ്ചിപ്പാടങ്ങളിലും മറ്റും കൂലിപ്പണിയ്ക്ക് പോകുന്ന അവസ്ഥ സംജാതമാകുകയും ചെയ്തിരുന്നു. കാലവർഷക്കാലത്ത് തൊഴിൽ ലഭ്യമാകാത്ത സന്ദർഭങ്ങളിൽ ഭക്ഷ്യ സുരക്ഷാപദ്ധതിയിൽ 'പണിയൻ' വിഭാഗത്തിന് മുൻഗണന നൽകി ഭക്ഷ്യധാന്യ വിതരണം നടത്തുന്നത് ആശ്വാസകരമാണ്.

3. **ആരോഗ്യം**

2008 ലെ സാമൂഹ്യസാമ്പത്തിക സർവ്വെ പ്രകാരം 15 നം 59 നും മധ്യേ പ്രായമുള്ളവരിൽ 47.37 ശതമാനം പേർ മദ്യത്തിന്റെയും പുകയിലയുടെയും ഉപഭോക്താക്കളും, ചികിത്സയ്ക്ക് വിധേയമാകുന്നവരുമാണ്. അമിത മദ്യപാനം ഇവരുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്.

4. **ഭൂമി, ഭവനം**

പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം ഏറ്റവും രൂക്ഷമായിട്ടുള്ളത് 'പണിയൻ' വിഭാഗത്തിലാണ്. 2008ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം, 7.82 ശതമാനം കുംടുബങ്ങൾ ഭൂരഹിതരും 14.34 ശതമാനം കുടുംബങ്ങൾ ഭവനരഹിതരുമാണ്.

5. **ശുചിത്വം**

പണിയ കോളനികളിൽ ഭൂരിഭാഗവും 5 മുതൽ 20 സെന്റുവരെ ഭൂവിസ്തൃതി മാത്രമാണുള്ളത്. പരിമിതമായ സ്ഥലത്തിൽ ഒട്ടേറെ കുടുംബങ്ങൾ തിങ്ങിനിറഞ്ഞ് താമസിക്കുന്നതിനാൽ, പൊതു ശുചിത്വ സംവിധാനങ്ങൾ കുറവാണ്. ശുദ്ധമായ കുടിവെള്ള ലഭ്യതയുടെ പ്രശ്നവും നേരിടുന്നു ണ്ട്. പൊതു കുടിവെള്ള പദ്ധതികളൊക്കെത്തന്നെ വേ ണ്ട വിധം പരിപാലിക്കപ്പെടാതെ പോകുന്നതിനാൽ ഉദ്ദേശിച്ച ഫലം ഉണ്ടാകാതെ പോകുന്നു.

## പ്രത്യേക പാക്കേജിന്റെ ആവശ്യകത

പട്ടികവർഗ്ഗക്ഷേമ പദ്ധതികളെല്ലാം തന്നെ 36 പട്ടികവർഗ്ഗ സമുദായങ്ങൾക്കും പൊതുവായി നടപ്പാക്കപ്പെടുകയാണ് ജനസംഖ്യയിൽ ഗണ്യമായ വിഭാഗമെന്ന നിലയിൽ 'പണിയൻ' വിഭാഗത്തിന് അർഹമായ പങ്ക് ലഭിക്കാറില്ല. 'പണിയൻ' വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി മാത്രം പ്രത്യേക പദ്ധതികൾ നിലവിലില്ല.

വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, സാമ്പത്തിക വികസന പരിപാടികൾ തുടങ്ങിയവ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടുനടത്തേണ്ടി വരുന്നു. സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ ആവിശ്യങ്ങൾക്കുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇപ്രകാരം പദ്ധതിക ൾ

ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ, ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കുമെന്നതൊഴിച്ചാൽ അവരുടെ സമഗ്രമായ വികസനം ഉണ്ടാകാറില്ല. വികേന്ദ്രീകൃത ഭരണ ക്രമത്തിലൂടെയും ജനകീയാസൂത്രണത്തിലൂടെയും പട്ടികവർഗ്ഗ സമൂഹത്തിന് പൊതുവെ നേട്ടമുണ്ടായെങ്കിലും 'പണിയൻ' സമുദായം കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. തന്നെയുമല്ല ഈ വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ നിലവാരം പട്ടികവർഗ്ഗ വിഭാഗത്തിലെ ഇതര വിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ താഴെയുമാണ്.

ആയതിനാൽ 'പണിയൻ' വിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ നിലവാരത്തിന്റെ സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെട്ടവരെ സമഗ്ര വികസനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പ്രത്യേക പാക്കേജ് അനിവാര്യമാണ്. ഇവയിൽ മുന്തിയ പരിഗണന നൽകേണ്ടത് പുനരധിവാസത്തിനും, തൊഴിൽ, നൈപുണ്യ വികസന പദ്ധതികൾക്കുമാണ്. വിവിധ മേഖലകളിൽ നടത്തേണ്ട ഇടപെടലുകളും വികസന കാഴ്ചപ്പാടുകളും ചുവടെ ചേർക്കുന്നു.

1. <u>പുനരധിവാസവും, അടിസ്ഥാനസൗകര്യ വികസനവും</u>

സ്ഥലസൗകര്യങ്ങളില്ലാത്തതും, കുടുംബങ്ങൾ തിങ്ങിപാർക്കുന്നതുമായ കോളനികളെ സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിന് മതിയായ സ്ഥലം കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, വീട്, കമ്മ്യൂണിറ്റിഹാൾ, പൊതു ശ്മശാനം, സാമൂഹ്യപഠനമുറി, മുതലായ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്

2. <u>ജീവനോപാധിയും നൈപുണ്യവികസനവും</u>

പരമ്പരാഗത കാർഷികവൃത്തികളിൽ കാലാന്തരങ്ങളിൽ ഉണ്ടായ മാറ്റവും കൃഷിയിലുണ്ടായ വ്യതിയാനവും മൂലം ടി വിഭാഗങ്ങൾ തൊഴിലില്ലായ്മ നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങളും, നൈപുണ്യവികസനവും ആയതിനുള്ള പരിശീലനങ്ങളും നൽകി സ്വയം പ്രാപ്തരാക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

3. <u>വിദ്യാഭ്യാസം</u>

2008 ലെ സാമൂഹ്യസാമ്പത്തിക സർവ്വെ പ്രകാരം പണിയ വിഭാഗത്തിലെ സാക്ഷരതാ നിരക്ക് 65.19 ശതമാനമാണ്. പട്ടിക വർഗ്ഗ ഊരുകളിൽ മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട പ്രദേശങ്ങളിലും വനാന്തരങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമഭീക്ഷണി മൂലം സ്കൂളിൽ എത്താൻ പ്രയാസം നേരിടുന്നത് പരിഹരിക്കുവാൻ പ്രത്യേക അദ്ധ്യാപകരെ നിയമിച്ച് വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാവുന്നതാണ്.

**4. തൊഴിൽ**

അഭ്യസ്തവിദ്യരായവർക്ക് മതിയായ തൊഴിൽ അവസരങ്ങൾ ഇല്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള നിശ്ചിത ശതമാനം തൊഴിൽ 36 ൽ പരം പട്ടികവർഗ്ഗ സമുദായങ്ങൾക്ക് വിഭജിക്കപ്പെടുമ്പോൾ ജനസംഖ്യയിൽ ഗണ്യമായ പണിയൻ സമുദായത്തിന് മതിയായ പ്രാതിനിധ്യം ലഭിക്കാറില്ല. അതിനാൽ തൊഴിൽ പരിശീലനങ്ങളിൽ പണിയ വിഭാഗക്കാർക്ക് മുൻഗണന നൽകാവുന്നതുമാണ്.

**5. ഭൂമി**

'പണിയൻ' വിഭാഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഭൂമിയുടെ അപര്യാപ്തതയാണ്. കുറഞ്ഞത് 10 സെന്റ് ഭൂമിയെങ്കിലും ഇല്ലാത്ത എല്ലാ ഭൂരഹിതർക്കും അവരുടെ പ്രദേശത്ത് കൃഷി ഭൂമി അനുവദിക്കാവുന്നതാണ്. ആയതിനാൽ 10 ലക്ഷം രൂപ വരെ ഒരു കുടുംബത്തിന് വകയിരുത്താവുന്നതാണ്.

**6. ഭവനം**

ഭവന രഹിതരായ എല്ലാ കുടുംബങ്ങൾക്കും ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കേണ്ടതുണ്ട്. ഭവനനിർമ്മാണത്തിന് നിലവിലുള്ള ഏകീകൃത നിരക്കിനു പകരം, ഒരു വീട്ടിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിനനുസരിച്ച് plinth area യും , നിരക്കും സ്ലാബ് അടിസ്ഥാനത്തിൽ നിശ്ചയിക്കാവുന്നതുമാണ്.

വാസയോഗ്യമല്ലാത്തതും, റിപ്പയർ ചെയ്യാൻ കഴിയാത്തതുമായ വീടുകൾക്ക് പകരം പുതിയ വീടുകൾ അനുവദിക്കാവുന്നതാണ്. ഇക്കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവു വരുത്താവുന്നതാണ്. വീടിനുള്ള അർഹത നിശ്ചയിക്കുമ്പോൾ ഉപ കുടുംബങ്ങളെയും പരിഗണിക്കേണ്ടതുണ്ട്.

**7. ആരോഗ്യം**

ദാരിദ്ര്യം, നിരക്ഷരത, രോഗങ്ങളുടെ കാരണങ്ങളെക്കുറിച്ചുള്ള അജ്ഞത, ശുചിത്വരാഹിത്യം, അന്ധവിശ്വാസങ്ങൾ, ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ പണിയൻ വിഭാഗങ്ങളുടെയിടയിൽ രോഗികളുടെ എണ്ണം കൂടുതലാണ്. അമിതമായ മദ്യപാനശീലം, പുകയിലയുടെ ഉപയോഗം എന്നിവ സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കുന്നു. ആരോഗ്യ വകുപ്പുമുഖേനയുള്ള പൊതു സേവനങ്ങൾ ലഭിക്കുന്നത് പരിമിതമാണ്. നിലവിലുള്ള മാനവവിഭവശേഷി ശക്തിപ്പെടുത്തി, മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കി സാമൂഹ്യ പങ്കാളിത്തത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അടിയന്തിര ഇടപെടൽ അനിവാര്യമാണ്.

ഇവരുടെ ആരോഗ്യപരിപാലനരംഗം ശക്തിപ്പെടുത്തുന്നതിനായി, ജനറൽ നഴ്സിംഗിലോ, മിഡ് വൈഫറി കോഴ്സിലോ പരിശീലനം ലഭിച്ച പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളെ ഹോണറേറിയം വ്യവസ്ഥയിൽ

കോളനികളിൽ നിയമിക്കാവുന്നതാണ്. ഇവരുടെ പ്രവർത്തനങ്ങൾ പൊതു ആരോഗ്യ കേന്ദ്രങ്ങളുമായും, അടുത്തുള്ള മറ്റ് ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളുമായും, ബന്ധിപ്പിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നവർ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യകാര്യങ്ങളിൽ നിരന്തരമായ ഇടപെടലുകൾ നടത്തി പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്. ഇപ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതും, ഇവരുടെ നിയമനം കുറഞ്ഞത് 3 വർഷക്കാലയളവിലേക്ക് ആയിരിക്കേണ്ടതുമാണ്.

8. <u>കുടിവെള്ളം, ശുചിത്വം</u>

പണിയ കോളനികളിലെ സ്ഥലപരിമിതിയും, കുടിവെള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും ശുചിത്വക്കുറവും കോളനിനിവാസികളിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇവയ്ക്കു പരിഹാരമായി സ്ഥലസൗകര്യമുള്ള കോളനികളിൽ പ്രാദേശികമായി നിലനിൽക്കുന്ന പ്രകൃതിദത്ത ഉറവിടങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള ചെറുകിട കടിവെള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പരമ്പരാഗത അറിവുകൾ കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുദ്ധരിച്ച് ഉപയോഗ പ്പെടുത്താവുന്നതാണ്.

ആരോഗ്യ, ശുചിത്വ കാര്യങ്ങളിൽ ശരിയായ മനോഭാവത്തിനും, സ്വഭാവ രൂപീകരണത്തിനും ഉതകുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

RAJESH KUMAR M
Joint Secretary to Govt.
SC & ST Development Dept.
Govt. of Kerala
Thiruvananthapuram